(ഇ) കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് കെ.ടി. ഡി. സി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കേരളത്തിനകത്തും പുറത്തുമുള്ള മലയാളി കുടുംബങ്ങൾ, പ്രവാസി മലയാളികൾ, ആഭ്യന്തര ടൂറിസ്റ്റുകൾ, യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് കേരളത്തിലെ കൂടുതൽ പ്രശസ്തമല്ലാത്തതും വികസന സാദ്ധ്യതയുള്ളതുമായ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചും അവയുടെ സംസ്ക്കാര ത്തെക്കുറിച്ചും കൂടുതൽ മനസ്സിലാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ കെ.ടി.ഡി.സി. പുതിയതായി നടപ്പിലാക്കിയ പാക്കേജ് ടൂറാണ് 'ഡിസ്കവർ കേരള'.യുവാക്കൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് കേരളത്തിനു പുറത്തുള്ള ഇന്ത്യാക്കാർക്കും വിദേശത്തു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കുടും ബത്തോടൊപ്പം സന്ദർശിച്ച് കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് അവ ബോധം സൃഷ്ടിക്കുക എന്നതാണ് ഈ പാക്കേജ് ടൂറിന്റെ പ്രധാന ലക്ഷ്യം. കേരളത്തിന്റെ വടക്കൻ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് ഉത്തരായനം എന്ന പേരിലും തെക്കൻ ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് ദക്ഷിണായനം എന്ന പേരിലും കേരളമാകമാനം ബന്ധപ്പെടുത്തി സുന്ദരകേരളമെന്ന പേരിലുമായി മൂന്ന് പാക്കേജുകളാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ പാക്കേജുകൾ അഞ്ച് ദിവസം മുതൽ 13 ദിവസം വരെ ദൈർഘ്യമുള്ളവയാണ്. ടൂറിസ്റ്റുകൾക്ക് അവരുടെ സൗകര്യപ്രദമായ രീതിയിൽ പാക്കേജ് ദിവസങ്ങളിലും പുറപ്പെടുന്ന ദിവസങ്ങളിലും മാറ്റം വരുത്താവുന്നതാണ്. ഡിസ്കവർ കേരള പാക്കേജുകൾ എല്ലാം തന്നെ ചെലവുകുറഞ്ഞ ടൂറിസം പാക്കേജുകളാണ്.

(ബി) നല്ല പ്രതികരണമാണ് ലഭിച്ചുവരുന്നത്.

(സി) 2010 മാർച്ച്മുതൽ ജൂൺവരെ 111 പാക്കേജുകളിലായി 189 പേർ ഈ പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഇ) കെ.ടി.ഡി.സി. ആഭ്യന്തര മാർക്കറ്റിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരി ക്കുകയും സെയിൽസ് ഏജന്റുമാർക്ക് സ്പെഷ്യൽ റേറ്റുകൊടുത്ത് കൂടുതൽ റൂമുകൾ ബുക്ക് ചെയ്യുന്ന ഏജന്റുമാർക്ക് അവർ നൽകുന്ന റൂമുകളുടെ എണ്ണം അടിസ്ഥാനമാക്കി ഇൻസന്റീവ് സ്കീമും നടപ്പിലാക്കിയിട്ടുണ്ട്.

ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി

18 (*498) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി നടപ്പാക്കുന്നതിൽ തിരുവനന്തപുരം, കൊച്ചി നഗരസഭകൾ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കായി ഇതിനകം എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മാലിന്യ നിർമ്മാർജ്ജനത്തിനും ഖരമാലിന്യ പരിപാലനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ ;

(ഇ) ശുദ്ധജലവിതരണ പദ്ധതികളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) തിരുവനന്തപുരം കോർപ്പറേഷൻ:

1. ജലവിതരണ പദ്ധതി
2. സിവറേജ് സ്കീം 1-ാം ഘട്ടം
3. ഖരമാലിന്യ നിർമ്മാർജ്ജനം
4. സിവറേജ് സ്കീം 2-ാം ഘട്ടം
5. ആധുനിക ബസുകൾ
6. ഉപരിതല ജല നിർഗ്ഗമന പദ്ധതി

കൊച്ചി നഗരസഭ:

1. ജലവിതരണ പദ്ധതി
2. സിവറേജ് സ്കീം
3. ഉപരിതല ജല നിർഗ്ഗമന പദ്ധതി
4. ഖരമാലിന്യ നിർമ്മാർജ്ജനം
5. ആധുനിക ബസ്സുകൾ
6. ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ
7. ഇ-ഗവേണൻസ്
8. ഹെറിറ്റേജ്

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിക്കായി നാളിതുവരെ 144.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം നഗരസഭയിലെ മാലിന്യനിർമ്മാർജ്ജനത്തിനും ഖരമാലിന്യ പരിപാലനത്തിനുമായുള്ള പദ്ധതിയുടെ നിർവ്വഹണം പുരോഗിക്കുന്നു.

ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരസഭയിലെ മാലിന്യ സംസ്ക്കരണത്തിനായി ബ്രഹ്മപുരത്ത് സ്ഥാപിച്ചിട്ടുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റും ആർ.ഡി.എഫ്. പ്ലാന്റും പൂർത്തിയായിട്ടുണ്ട്. മാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആർ.ഡി.എഫ്. പ്ലാന്റിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

മാലിന്യങ്ങൾ ശേഖരിക്കുന്നതിനും പ്ലാന്റിൽ എത്തിക്കുന്നതിനുമായി ബക്കറ്റുകൾ, ട്രൈസൈക്കിളുകൾ, ബാക്ക്ഹോ ലോഡർ എന്നിവയും തൊഴിലാളികൾക്ക് യൂണിഫോം, മാസ്ക്, ഗംബൂട്ട്, സ്കാർഫ് ഗ്ലൗസ് എന്നിവയും വാങ്ങി നൽകിയിട്ടുണ്ട്.

(ഇ) സ്വീകരിച്ച നടപടികൾ താഴെപറയുന്നവയാണ് :

തിരുവനന്തപുരം :

കുടിവെള്ള പദ്ധതിയുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി 25 പാക്കേജുകളിലായി വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കുഴിക്കുന്ന റോഡുകൾ നന്നാക്കുവാനും വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്നതിനുമായി ടെൻഡറുകൾ വിളിച്ചിട്ടുണ്ട്. ഇതിൽ 13 പദ്ധതികളുടെ പണി പുരോഗമിക്കുന്നു. ഇതിൽ 12 പണികൾ ഈ വർഷം ഡിസംബറോടുകൂടി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഒരെണ്ണം അടുത്ത വർഷം ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാകും.

കൊച്ചി:

കൊച്ചി നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിലും മരട്, കുമ്പളം, കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിലും ഇപ്പോൾ അനുഭവപ്പെടുന്ന ശുദ്ധജലദൗർലഭ്യത്തിന് പരിഹാരമുണ്ടാവുന്നതിനു വേണ്ടി ജെ.എൻ.എൻ.യു. ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി കോർപ്പറേഷൻ 201.17 കോടി രൂപ ചെലവിൽ പദ്ധതി നടപ്പാക്കിവരുന്നു.

മൂവാറ്റുപുഴയാറിൽ പിറവം പഞ്ചായത്തിലെ പാഴൂരിൽ നിർമ്മിക്കുന്ന 12 മീറ്റർ വ്യാസമുള്ള കിണറിൽ നിന്നും ജലം ശേഖരിച്ച് 1200 മില്ലീമീറ്റർ വ്യാസമുള്ള റോവാട്ടർ പമ്പിംഗ് മെയിൻവഴി 5 കിലോമീറ്റർ അകലെ ആരക്കുന്നത്ത് നിർമ്മിക്കുന്ന 43 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭ

LIBRARY ARCHIVES Kerala Legislative Assembly

രണിയിലെത്തിക്കുന്നതും അവിടെനിന്നും 1100 മില്ലീമീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പിൽ കൂടി കായൽ ഭാഗങ്ങൾ കടന്ന് വളന്തകാടുവഴി മരട് നെട്ടൂരിൽ നിർമ്മിക്കുന്ന 100 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തുന്നതും അവിടെനിന്നും ശുദ്ധീകരണത്തിനുശേഷം പുതുതായി നിർമ്മിക്കുന്ന പമ്പ് ഹൗസിൽനിന്ന് നഗരത്തിലേയും പഞ്ചായത്തുകളിലേയും വിവിധ കേന്ദ്രങ്ങളിൽ എത്തിച്ച് വിതരണം ചെയ്യുവാനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഈ പദ്ധതിയുടെ മൊത്തം സ്ഥാപിതശേഷി 100 എം.എൽ.ഡി. ആണ്. ഇത് 2.3 ലക്ഷം ആൾക്കാർക്ക് പ്രയോജനം കിട്ടുന്നതും 201 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതുമാണ്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ ഇതിനോടകം തന്നെ ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. 2012 മാർച്ച് മാസത്തോടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ

19 (*499) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. പി. ജയരാജൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഓണക്കാലത്തെ ടൂറിസം വാരാഘോഷത്തിന് കൂടുതൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ഡി) ഈ വർഷം മാർക്കറ്റിംഗിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യയിലെ വിവിധ നഗരങ്ങളിൽ ടൂറിസം വകുപ്പ് ഈ വർഷം പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് നിരവധി പരിപാടികൾ ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം റോം, ബ്രസൽസ്, ലിയോൺ, മ്യൂനിച്ച്, ആംസ്റ്റർഡാം എന്നീ നഗരങ്ങളിൽ പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. ഇതിനുപുറമേ സ്കാൻഡിനേവിയൻ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
23	ഒറ്റപ്പാലം		1800.00
24	മലപ്പുറം		1976.00
25	ചാലക്കുടി	സീവറേജ്	4978.00

അനുബന്ധം-II

[21-7-2010 ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 18(*498)-ന്റെ ഉത്തരം കാണുക]

തിരുവനന്തപുരം

1. കുടിവെള്ള പദ്ധതിയുടെ നവീകരണവും വിപുലീകരണവും

കുടിവെള്ള പദ്ധതിയുടെ നവീകരണവും വിപുലീകരണത്തിനുമായി 25 പാക്കേജുകളിലായി വിവിധ സ്ഥലങ്ങലിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കുഴിക്കുന്ന റോഡുകൾ നന്നാക്കുവാനും വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്നതിനുമായി ടെണ്ടറുകൾ വിളിച്ചിട്ടുണ്ട്. ഇതിൽ 13 പദ്ധതികളുടെ പണി പുരോഗമിക്കുന്നു. ഇതിൽ 12 പണികൾ ഈ വർഷം ഡിസംബറോടുകൂടി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഒരെണ്ണം അടുത്ത വർഷം ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാകും.

2. സീവറേജ് 1,2 ഘട്ടങ്ങൾ

12 പാക്കേജുകളിലായി ടെണ്ടർ ചെയ്ത പദ്ധതികളിൽ ഒരെണ്ണത്തിന് മാത്രമേ പ്രതികരണമുണ്ടായുള്ളു. മുട്ടത്തറ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണികൾ പുരോഗമിക്കുന്നു. 2011, സെപ്റ്റംബർ മാസത്തോടുകൂടി പണി പൂർത്തിയാകും. സീവറേജ് പദ്ധതികൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

3. ഖരമാലിന്യ സംസ്ക്കരണവും പരിപാലനവും

ഖരമാലിന്യ സംസ്ക്കരണത്തിനുവേണ്ടി വരുന്ന ഉപകരണങ്ങൾ വാങ്ങുന്ന നടപടികൾ എല്ലാം ഏകദേശം പൂർത്തിയായി. പത്തോളം ഇനങ്ങൾ സപ്ലൈ ചെയ്തു കഴിഞ്ഞു ബാക്കിയുള്ളവയുടെ സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. വിളപ്പിൽശാല ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിലെ ലിച്ചേറ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും സാനിട്ടറി ലാന്റ് ഫില്ലിന്റെയും വർക്കുകൾ പുരോഗമിക്കുന്നു.

4. വെള്ളപ്പൊക്ക നിവാരണ പദ്ധതി

തമ്പാനൂർ-പഴവങ്ങാടി കിഴക്കേക്കോട്ട എന്നീ പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാനായി 40.4 കോടിരൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

റെയിൽവേയുടെ ഭാഗത്ത് റെയിൽവേട്രാക്കിനടിയിൽ കൂടി കൾവർട്ട് നിർമ്മാണം, ആക്കുളം ഭാഗത്ത് കടലിനോട് ചേർന്ന പ്രദേശങ്ങളിലെ വേളി മൗത്ത് ബ്രേക്ക് വാട്ടർ നിർമ്മാണം, പഴവങ്ങാടി-കിഴക്കേക്കോട്ട-തമ്പാനൂർ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിലെ റോഡ് വശത്തുള്ള ഓടകൾ, ആമയിഴഞ്ചാൻ, പഴവങ്ങാടി എന്നീ തോടുകൾ വൃത്തിയാക്കൽ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

ആമയിഴഞ്ചാൻ ചോടിന്റെ വൃത്തിയാക്കൽ പണികൾ ഇറിഗേഷൻ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. വേളി മൗത്ത് ബ്രേക്ക് വാട്ടർ നിർമ്മാണത്തിന് മുൻപായി ഭാരത സർക്കാരിന്റെ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് &ഫോറസ്റ്റിന്റെ അംഗീകാരത്തിന് അപേക്ഷിച്ചിട്ടുണ്ട്.

5. ലോ ഫ്ളോർ ബസ്

ലോ ഫ്ളോർ ബസ്സുകൾ വാങ്ങുന്ന പദ്ധതിയിൽ എട്ട് എ. സി. ബസ്സുകളും ഒരു നോൺ എ.സി. ബസ്സും തിരുവനന്തപുരത്ത് സർവ്വീസ് നടത്തുന്നു.

കൊച്ചി

1. ഖരമാലിന്യ നിർമ്മാർജനം

കേന്ദ്ര സർക്കാർ 88.12 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. 26.2 കോടി രൂപ മുടക്കി ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റും ആർ. ഡി. എഫ്. പ്ലാന്റും പൂർത്തിയായി. മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആർ.ഡി.എഫ്.പ്ലാന്റിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

2. ട്രാഫിക്ക് ആന്റ് ട്രാൻസ്പോർട്ടേഷൻ

ഈ പദ്ധതിക്ക്കീഴിൽ പ്രധാനമായും 2 വിഭാഗത്തിൽപ്പെട്ട പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

(എ) അർബൻ റോഡ് ട്രാൻസ്പോർട്ട്-ഈ പദ്ധതിക്കായി 76.02 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ചുവടെപ്പറയുന്ന റോഡുകൾക്കാണ് അംഗീകാരം കിട്ടിയിട്ടുള്ളത്.

- എസ്. എ. റോഡ് & ജംഗ്ഷൻ, നീളം 3.45 കി.മി. വീതി 12-22 മീ.
- ഇടപ്പള്ളി-ഹൈക്കോർട്ട് റോഡ് & ജംഗ്ഷൻ, നീളം 6.54 കി.മി., വീതി 17-22.മീ

പ്രസ്തുത റോഡു വർക്കുകളുടെ 30.8 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

- തമ്മനം-പുല്ലേപ്പടി റോഡ്-സർവ്വേ നടപടികൾ ആരംഭിച്ചു.
- ഗോശ്രീ-മാമംഗലം റോഡ്.
- എസ്. എ റോഡ് വെസ്റ്റ് എക്സ്റ്റൻഷൻ.
- സ്റ്റേഡിയം-ലിങ്ക് റോഡ്.

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഡിയം-ലിങ്ക് റോഡിന്റെ കാനകളുടെയും ബോക്സ് കൾവർട്ടിന്റെയും പ്രവർത്തികളുടെ എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്.

(ബി) റെയിൽവേ ഓവർ ബ്രിഡ്ജ് :- ഇതിനായി 67.28 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 33.64 കോടി രൂപ റെയിൽവേ വിഹിതമാണ്. കേന്ദ്ര സർക്കാർ വിഹിതം 16.82 കോടി രൂപയും, സംസ്ഥാന വിഹിതം 10.09 കോടി രൂപയും സഗരസഭാ വിഹിതം 6.72 കോടി രൂപയുമാണ്. പച്ചാളം (44.82 കോടി രൂപ), അറ്റ്ലാന്റിസ് (10.30 കോടി രൂപ), പൊന്നുരുന്നി (10.19 കോടി രൂപ) എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. Roads & Bridges Development Corporation of Kerala-യെയാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഏൽപ്പിച്ചിട്ടുള്ളത്.

3. ആധുനിക ബസ്സുകൾ

ആധുനിക ബസ്സുകൾ വാങ്ങുന്ന പദ്ധതിയിൽ 13 എ.സി.ബസ്സുകളും 10 നോൺ എ.സി. ബസ്സും ഉൾപ്പെടെ 23 ബസ്സുകൾ കൊച്ചിയിൽ സർവ്വീസ് നടത്തുന്നു.

4. ഡ്രെയിനേജ്

ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ സെൻട്രൽ കെച്ചിയിലെ വെള്ളക്കെട്ടു നിവാരണത്തിനുള്ള 18 പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ മുല്ലശ്ശേരി കനാൽ, ഡ്രൈത്തോട്, പവർഹൗസ് റോഡ്, പനമ്പിള്ളി നഗർ, പറമ്പിത്തറ കോയിത്തറ റോഡ് എന്നീ 5 കാനകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കി 13 പാക്കേജുകളിൽ കുരിശുപള്ളി-തേവര,ജി.സി.ഡി.എ. യുടെ കിഴക്കുവശത്തുള്ള റോഡ്, ബനഡിക്ട് റോഡ്, ടി. എ. ബീരാൻ കുഞ്ഞ് എന്നീ കാനകളുടെ പണി പുരോഗമിക്കുന്നു. ശ്രീകണ്ഠത്ത് റോഡ്, ഹോസ്പിറ്റൽ റോഡ്, എം. ജി. റോഡ് കായൽ എന്നീ കാനകളുടെ പ്രവൃത്തി എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്. ഒരു പാക്കേജിന് ലെറ്റർ ഓഫ് അക്സപ്റ്റൻസ് നൽകിയിട്ടുണ്ട്. 2 പാക്കേജുകളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

5. വാട്ടർ സപ്ലൈ

കൊച്ചി കോർപ്പറേഷനിൽ കൊച്ചിൻപോർട്ട്, നേവി, തേവര, പശ്ചിമകൊച്ചി എന്നീ പ്രദേശങ്ങളിലേയും മരട്,കുമ്പളങ്ങി,കുമ്പളം, ചെല്ലാനം എന്നീ പഞ്ചായത്തുകളിലേയും നിലവിലുള്ള ശുദ്ധജല വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 201.17 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. 6 പാക്കേജുകളുടെ പ്രവൃത്തി തുടങ്ങിയിട്ടുണ്ട്.

6. സീവറേജ്

സെൻട്രൽ സോണിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതികൊണ്ട് ഏകദേശം 1,90,284 പേർക്ക് പ്രയോജനം ലഭിക്കും. ഡൊമസ്റ്റിക്ക് സീവേജ് അണ്ടർഗ്രൗണ്ട് പൈപ്പുകളിലൂടെ പമ്പിംഗ് സ്റ്റേഷനുകളിൽ ശേഖരിച്ച് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് പമ്പ് ചെയ്യുന്നു. സംസ്കരണ ശാലയിൽനിന്നും സംസ്കരിച്ച മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

78.41 കോടി രൂപയുടെ പദ്ധതിക്കാണ് കേന്ദ്രസർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ളത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 117.49 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.

പുതുക്കിയ എസ്റ്റിമേറ്റിന് സി.എൽ.എസ്.സി. യും കൗൺസിലും അംഗീകാരം നൽകി. ഇത് കേരള സർക്കാർ മുഖേന കേന്ദ്രസർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

7. ഇ-ഗവേണൻസ്

കൊച്ചി നഗരസഭയിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 8.70 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് M/s Wipro-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

8. ഹെറിറ്റേജ്&ടൂറിസം

കൊച്ചിയിൽ ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ബ്രോഡ്വേയുടെ നവീകരണത്തിന് 22.70 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

അനുബന്ധം-III

[21-7-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നം.23(*503).ന്റെ ഉത്തരം കാണുക.]

No.37/24/2007-DD(D)

Govt. of. India

Ministry of Home Affairs

Bureau of police Research & Development

Block No.11, 3/4th floor,

CGO Complex, Lodhi Road,

New Delhi-110 003

Dated 11-09

To

Director General of police
Kerala,
Thiruvananthapuram.

Subject : Kerala Police Dept :Re-designing of Police Uniform

Sir,

Plesse refer to your letter number SI/72870/2006 dated 7-11-2009 on the above mentioned subject.

LIBRARY ARCHIVES Kerala Legislative Assembly